തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങളിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14- ൽ 637.12 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയെന്നും 2013-14, 2014-15 വർഷത്തിൽ തെരഞ്ഞെടുത്ത നിയോജകമണ്ഡലങ്ങളിൽ സംസ്ഥാനാവിഷ്കൃതമായ പദ്ധതികളിലും ആർ.കെ.വി.വൈ. പദ്ധതികളിലും ഉൾപ്പെടുത്തി 7472.3 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിറവ് പദ്ധതി ആരംഭിച്ച നിയോജക മണ്ഡലങ്ങളുടെ പേരും ചെലവാക്കിയ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2015-16 വർഷത്തിൽ ബഡ്ജറ്റിൽ നിറവ് പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ പാടശേഖരങ്ങളിൽ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തിന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കാൻ എസ്.ഡി.ജി. മുഖാന്തിരം 200 ലക്ഷം രൂപ അനുദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

144 (1513) ശ്രീ. ജി. സുധാകരൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2011-12 ലെ ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടാപ്പിലാക്കിയോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എല്ലാ കൃഷികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കർഷകർക്കുള്ള അപകട ഇൻഷ്വറൻസും പെൻഷൻ ആനുകൂല്യങ്ങളും ഈ പദ്ധതിയോടൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമായിട്ടുള്ള വിവിധ ആനുകൂല്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) നടപ്പിലാക്കിയിട്ടില്ല. 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിലേക്കായി ഒരു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിച്ച കരട് പ്രൊപ്പോസൽ പ്രകാരം ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രീമിയം ഇനത്തിൽ ഭീമമായ തുക സർക്കാർ നൽകേണ്ടിവരുമെന്നും കർഷകർക്ക് നഷ്ടപരിഹാരമായി വളരെ കുറഞ്ഞ തുകയേ ലഭിക്കുകയുള്ളൂ എന്നും ആയതിന് സംസ്ഥാനത്തിന് കടുത്ത സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കും എന്നും കണ്ടെത്തിയതിനെത്തുടർന്ന് മറ്റ് ഇൻഷ്വറൻസ് കമ്പനികളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിക്കുകയുണ്ടായി. എന്നാൽ, അവയും തൃപ്തികരമല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്നകാര്യം പരിശോധിച്ചുവരികയാണ്.

സമഗ്ര പച്ചക്കറി വികസന പദ്ധതി

145 (1514) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകമായ മട്ടുപ്പാവ് കൃഷി വിജയകരമായി നടത്തുന്നതിനായി കർഷകർക്ക് കൃഷിഭവൻവഴി എന്തെല്ലാം സേവനങ്ങൾ നൽകുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇത്തരത്തിൽ കൃഷിചെയ്യുന്ന കർഷകർക്ക് ഗ്രോബാഗ്, വിത്ത്, പച്ചക്കറി തൈകൾ, ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവ കൃഷിഭവൻ വഴി നൽകുന്നതിന് സംവിധാനം ഉണ്ടോയെന്നു അറിയിക്കുമോ ;

(സി) ബി.പി.എൽ., എ.പി.എൽ. ഭേദമെന്യേ ഇത്തരം സേവനങ്ങൾ കർഷകർക്ക് സൗജന്യ/സബ്സിഡി നിരക്കിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകമായ മട്ടുപ്പാവ് കൃഷി വിജയകരമായി നടത്തുന്നതിനായി ചുവടെപ്പറയുന്ന സേവനങ്ങൾ കൃഷിഭവനുകൾ മുഖേന നൽകിവരുന്നു. മട്ടുപ്പാവ് കൃഷി ചെയ്യുന്നതിനായി 25 ഗ്രോ ബാഗുകളിൽ മണ്ണ്, ജൈവവളം തുടങ്ങിയവ അടങ്ങിയ പോട്ടിംഗ് മിശ്രിതം നിറച്ച് വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച് കർഷകർക്ക് നൽകുന്നു. 2,000 രൂപ വിലവരുന്ന

LIBRARY ARCHIVES Kerala Legislative Assembly